# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 19 | ലക്കം 8 | പേജ് 6 | ഫെബ്രുവരി 16 – 28



2 ജനനപ്പെരുന്നാളും പൊറുതിമുട്ടിക്കുന്ന ആഘോഷവും

3 മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ അഞ്ചാം ഓർമ്മപ്പെരുന്നാൾ

4 ധ്യാനപംക്തി

5 സ്നേഹത്തിന്റെ പ്രവാചകൻ മാർ ഒസ്താത്തിയോസ്


## പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ഡയമണ്ട് ജൂബിലി ആഘോഷങ്ങൾ രാഷ്ട്രപതി ഉദ്ഘാടനംചെയ്യും

പത്തനംതിട്ട : കാതോലിക്കേറ്റ് കോളജിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം മാർച്ച് 16-ാം തീയതി രാഷ്ട്രപതി പ്രണബ് കുമാർ മുഖർജി ഉദ്ഘാടനം ചെയ്യും. ഡയമണ്ട് ജൂബിലി സ്മാരകമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ദാനിയേൽ മാർ പീലക്സിനോസ് ജൂബിലി ബ്ലോക്കിന്റെ ഉദ്ഘാടനവും രാഷ്ട്രപതി നിർവ്വഹിക്കും. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, പ.കാതോലിക്കാ ബാവാ, രാഷ്ട്രീയ സാമൂഹ്യനേതാക്കന്മാർ തുടങ്ങിയവർ ചടങ്ങിനെ അഭിസംബോധന ചെയ്ത് പ്രസംഗിക്കും.

കാതോലിക്കേറ്റ് കോളജ് ജൂബിലി ആഘോഷങ്ങളുടെ സുഗമമായ നടത്തിപ്പിന് തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലിമ്മീസ് അദ്ധ്യക്ഷനും പ്രിൻസിപ്പാൾ ഡോ.ജോർജ്ജ് വർഗീസ് ജനറൽ കൺവീനറും, പ്രൊഫ.ജി.ജോൺ കോ-ഓർഡിനേറ്ററും, പ്രൊഫ.ജി.അലക്സാണ്ടർ വൈസ് ചെയർമാനുമായി വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.


ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ള ഡിജിറ്റൽ ലൈബ്രറിയുടെ ഉദ്ഘാടനം ഫെബ്രുവരി 7ന് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ.എ.വി.ജോർജ് നിർവ്വഹിച്ചു. യുകെ, യൂറോപ്പ്, ആഫ്രിക്ക ഭദ്രാസന മെത്രാപ്പോലീത്താ ഡോ.മാത്യൂസ് മാർ തീമോത്തിയോസ് അനുഗ്രഹപ്രഭാഷണം നടത്തി.

1952-ൽ ആരംഭിച്ച പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് വിദ്യാഭ്യാസരംഗത്ത് കേരളത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു സ്ഥാപനമാണ്. പതിമൂന്ന് ഡിപ്പാർട്ടുമെന്റുകളിലായി ബിരുദ ബരുദാനന്തര കോഴ്സുകളും വിവിധ വിഷയങ്ങളിൽ പ്രശസ്തമായ ഗവേഷണവിഭാഗങ്ങളും ഉള്ള ഒന്നാം നിരയിൽപ്പെട്ട ഒരു കോളജായി ഇത് ഉയർന്നിട്ടുണ്ട്.

പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ സ്വപ്നസാക്ഷാത്ക്കാരമാണ് പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്. പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ സ്ഥാപിച്ച ഈ വിദ്യാഭ്യാസസ്ഥാപനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് അടിസ്ഥാനമിട്ടത് കോളജിന്റെ ആദ്യത്തെ പ്രിൻസിപ്പാളായിരുന്ന ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായാണ്.

## പ.വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 79–ാമത് ഓർമ്മപ്പെരുന്നാൾ

### 2013 ഫെബ്രുവരി 17 മുതൽ 23 വരെ കോട്ടയം പഴയസെമിനാരിയിൽ



കോട്ടയം : പ.വട്ടശ്ശേരീൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 79-ാമത് ഓർമ്മപ്പെരുന്നാൾ കോട്ടയം പഴയ സെമിനാരിയിൽ വിവിധ പരിപാടികളോടുകൂടി ആഘോഷിക്കുന്നു. പ.ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവായും പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും അഭിവന്ദ്യ മെത്രാപ്പോലീത്തന്മാരും പെരുന്നാൾ ചടങ്ങുകൾക്ക് നേതൃത്വം നൽകും. വിവിധ ആത്മീയ സംഘടനകളുടെ നേതൃത്വത്തിലുള്ള ധ്യാനയോഗങ്ങൾ, അനുസ്മരണ പ്രഭാഷണങ്ങൾ, തീർത്ഥാടക സംഗമം തുടങ്ങി വിവിധ പരിപാടികൾ പെരുന്നാളിനോടനുബന്ധിച്ച് ക്രമീകരിച്ചിട്ടുണ്ട്. 22-ാം തീയതി വൈകിട്ട് കോട്ടയം ചെറിയപള്ളിയിൽനിന്ന് ആരംഭിക്കുന്ന ഭക്തിനിർഭരമായ റാസ 9 മണിയോടുകൂടി പഴയ സെമിനാരിയിൽ എത്തിച്ചേരും. 29ന് രാവിലെ 8.30ന് പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വി.മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് പ്രദക്ഷിണവും, നേർച്ചവിളമ്പും നടക്കും.

## മലങ്കരസഭയുടെ സമാധാനത്തിനുവേണ്ടി ജീവൻപോലും ബലികഴിക്കാൻ തയ്യാറായിരുന്ന വട്ടശ്ശേരിൽ തിരുമേനിയുടെ ക്ലേശപൂർണ്ണമായ മർദ്ദീൻയാത്ര

ഫാ.ഡോ.എം.ഒ.ജോൺ

വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണകാലത്ത് സഭാവഴക്ക് ഏറ്റവും രൂക്ഷമായിരുന്നപ്പോഴും തന്റെ കൂട്ടുട്രസ്റ്റിമാരായിരുന്ന കോനാട്ടു മല്പാനും, സി.ജെ.കുര്യനും പാത്രിയർക്കീസ് വിഭാഗത്തിൽനിന്ന് ശക്തമായി എതിരിട്ടു പോരാടിയപ്പോഴും മലങ്കര സഭയിൽ സമാധാനം ആഗ്രഹിച്ച ആളായിരുന്നു വട്ടശ്ശേരിൽ തിരുമേനി.

1911ൽ അബ്ദുള്ള പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതിനെ തുടർന്ന് കോടതിവ്യവഹാരം ആരംഭിച്ചു. കോട്ടയം ജില്ലാകോടതിയിലും തിരുവിതാംകൂർ ഹൈക്കോടതിയിലും അതുസംബന്ധിച്ചു കേസുകൾ നടന്നു. സമുദായം രണ്ടായി പിളർന്ന് വ്യവഹാരങ്ങളും അക്രമങ്ങളും കൊലപാതകവും നടന്നു, കോനാട്ട് മല്പാനും സി.ജെ.കുര്യനും എതിരായി നിന്ന് ശക്തമായ നേതൃത്വം നൽകവീറോടടെ പ.വട്ടശ്ശേരിൽ തിരുമേനിക്കെതിരെ കേസുകൾ നടത്തി. ചെയ്യാവുന്ന ദ്രോഹല്ലൊം അവർ ചെയ്തു. അതിലൊന്നും തളർന്നുപോകാതെ മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി വട്ടശ്ശേരിൽ തിരുമേനി നിലകൊണ്ടു. അതേസമയം പാത്രിയർക്കീസുമായി ഐക്യവും സമാധാനവും അദ്ദേഹം ആഗ്രഹിച്ചു. അതിനുവേണ്ടി അദ്ദേഹം 1923-ൽ പ.ഏലിയാസ് തൃതീയൻ പാത്രിയർക്കീസിന്റെ അടുക്കലേക്ക് ക്ലേശപൂർണ്ണമായ ഒരു യാത്ര നടത്തി.

വട്ടശ്ശേരിൽ തിരുമേനിയുടെ മർദ്ദീൻയാത്ര എന്ന പേരിൽ ആ യാത്ര ചരിത്രപ്രസിദ്ധമാണ്. കോട്ടയത്തുനിന്ന് 1923 മീനം 28-ാം തീയതി അദ്ദേഹം പരുമലയിലെത്തി. അവിടെ കുറേദിവസം താമസിച്ചശേഷം കുണ്ടറ സെമിനാരിയിലെത്തി. പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, ചെറിയമഠത്തിൽ സ്ക്കറിയാ മല്പാൻ, തിരുമേനിയുടെ ശുശ്രൂഷകൻ പരുമല ഐപ്പ്, കുന്നംകുളംകാരൻ വാറു എന്നിവരും തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. 1923 മിഥുനം 12-ാം തീയതി കുണ്ടറയിൽനിന്ന് യാത്ര പുറപ്പെട്ടു. പ്രായമേറെയുണ്ടായിരുന്ന മെത്രാപ്പോലീത്തായയുടെയും സംഘത്തിന്റെയും യാത്ര ക്ലേശപൂർണ്ണമായിരുന്നു. "ട്രെയിൻമാർഗ്ഗം ബോംബെയിലെത്തിയ സംഘം മിഥുനം 21-ാം തീയതി വറ്റില എന്ന കപ്പലിൽ ബസ്രായിലും അവിടെനിന്നു തീവണ്ടിമാർഗ്ഗം ബാഗ്ദാദുവഴി മൂസലിലും എത്തി. ചൂടിന്റെ കാഠിന്യം കാരണം ഈ യാത്ര അത്യന്തം ക്ലേശകരമായിരുന്നു. നേത്രരോഗവും അദ്ദേഹത്തെ അലട്ടി വൃദ്ധനായ മെത്രാപ്പോലീത്താ ആ ക്ലേശങ്ങളെ അതിജീവിച്ചത് മനശക്തികൊണ്ട് മാത്രമായിരുന്നു എന്ന് കൂടെയുണ്ടായിരുന്ന താരതമ്യേന ചെറുപ്പക്കാരനായ വൈദികർക്കു ബോദ്ധ്യമായിരുന്നു. അവർക്കുതന്നെ സഹിക്കാവുന്നതിൽ കൂടുതൽ കായക്ലേശം അനുഭവപ്പെടുകയുണ്ടായി. മൂസലിൽനിന്നു നിയമസമാധാന കാര്യങ്ങളിൽ യാതൊരു ചിട്ടയും ഇല്ലാത്ത തുർക്കി രാജ്യത്തെ മലനാട്ടിലൂടെ മർദ്ദീനിലേക്കുള്ള യാത്ര അത്യന്തം ക്ലേശഭൂയിഷ്ടമായിരുന്നു. കൊള്ളക്കാർ എപ്പോഴാണ് പിടികൂടുന്നതെന്നും കഥകഴിക്കുന്നതെന്നും അറിഞ്ഞുകൂടായിരുന്നു എന്നുള്ള അവസ്ഥ യാത്രയുടെ ഭീകരത വർദ്ധിപ്പിച്ചു. കഴിയുംവിധത്തിൽ എല്ലാം വേണ്ടത്ര മുൻകരുതലുകൾ ഏർപ്പെടുത്തിയിരുന്നതുകൊണ്ട് അപകടം കൂടാതെ ഓഗസ്റ്റ് ഒന്നാം തീയതി മർദ്ദീനിൽ എത്തി. പാത്രിയർക്കീസ് അവിടെനിന്ന് അഞ്ചുമൈൽ ദൂരത്തുള്ള ഒരു പള്ളിയിലാണെന്നറിഞ്ഞ് യാത്രക്കാർ അവിടെചെന്ന് അദ്ദേഹത്തെ കണ്ടു. അദ്ദേഹത്തിനു അവിടെ രണ്ടുനാലു ദിവസത്തെ താമസം കൂടെ ഉണ്ടായിരുന്നതിനാൽ മാർ ദീവന്നാസിയോസ് മർദ്ദീനിൽ കുറുക്കുമാദയറാ എന്ന പാത്രിയർക്കീസിന്റെ ആസ്ഥാനത്തേക്ക് മടങ്ങി. മൂന്നുദിവസത്തിനുശേഷം പാത്രിയർക്കീസും ദയറായിലെത്തി ഒരാഴ്ചയോളം മഹാചാര്യന്മാർ മലങ്കരയിലെ എല്ലാ കാര്യങ്ങളെയുംപറ്റി സംസാരിച്ചു. മാർ അബ്ദള്ള 1085-ൽ മലങ്കരയിൽവന്ന് ലൗകീകാധികാരം സ്ഥാപിച്ച് ഉടമ്പടി കൊടുക്കണമെന്ന് – ഈ രാജ്യത്തെ അത്യുന്നത നീതിന്യായകോടതികളുടെ തീർപ്പിനെ അവഗണിച്ച് ഉടമ്പടി കൊടുക്കണമെന്ന് മെത്രാപ്പോലീത്തായോട് ആവശ്യപ്പെട്ടതും, ഉടമ്പടി കൊടുക്കാഞ്ഞതിനാൽ ഇല്ലാത്ത കുറ്റങ്ങൾ വിളിച്ചുപറഞ്ഞ് മുടക്ക് പുറപ്പെടുവിച്ചതും, അതുമൂലം കലാപങ്ങളും കൊലപാതകം പോലും ഉണ്ടായതും, മാർ അബ്ദേദു മ്ശിഹാ മലങ്കരയെത്തി കാതോലിക്കാ സിംഹാസനം സ്ഥാപിച്ചതും, മൂന്നു മെത്രാപ്പോലീത്തന്മാരെ വാഴിച്ചതും, വട്ടപ്പണക്കേസും അതിന്റെ രണ്ടു കോടതികളിലെയും വിധികൾ ഇവയും വിശദമായി പരാമർശിക്കപ്പെട്ടു. മലങ്കരസഭയിൽ ഉണ്ടായിട്ടുള്ള പിളർപ്പ് തീർത്ത് സമാധാനം പുനസ്ഥാപിക്കുന്നതിനും, മലങ്കരയും അന്ത്യോഖ്യായുമായുള്ള ബന്ധം നിലനിർത്തുന്നതിനുംവേണ്ടിയാണ്, വാർദ്ധക്യകാലത്ത് ക്ലേശപൂർണ്ണമായ ദീർഘയാത്രയ്ക്ക് മുതിർന്നതെന്ന് മെത്രാപ്പോലീത്താ വ്യക്തമാക്കി." (ZMP IV P.598)

> "എന്റെ ജീവന് ഒരുവേള അപകടം സംഭവിച്ചാലും മലങ്കരസഭയിൽ സമാധാനം ഉണ്ടാക്കുവാൻ കഴിയുമെങ്കിൽ അത് സാധിക്കണമെന്നുള്ള എന്റെ അതിതാൽപര്യം നിമിത്തമായിരുന്നു ഞാൻ ആ യാത്രയ്ക്ക് ഒരുങ്ങിയത്....... മലങ്കരസഭയുടെ സമാധാനത്തിന് ഒരു മാർഗ്ഗമാണെന്നു തോന്നിയതിനാൽ അത് എനിക്കു സന്തോഷംതന്നെ ആയിരുന്നു". മലങ്കരസഭയുടെ സമാധാനത്തിന് ജീവൻ ബലികഴിപ്പാൻ തക്കവണ്ണം ..........ഇപ്പോഴുമുണ്ട്. അത് ജയത്തിലും അപജയത്തിലും ആശ്രയിച്ചിരിക്കുന്നതല്ല"
>
> ആ താൽപര്യം ഇപ്പോഴുമുണ്ടെങ്കിൽ മെത്രാപ്പോലീത്തായുടെ അധികാരാവകാശങ്ങൾ ഉപയോഗിക്കാതെ ദയറായിൽപോയി ദൈവത്തെ ഓർത്ത് ഇരുന്നുകൊള്ളുമോ ചിലവിനുവേണ്ടതൊക്കെ അവിടെതരാം എന്നു പറഞ്ഞപ്പോൾ "എന്റെ ചുമതലാബോധം അതിന് അനുവദിക്കുന്നില്ല......." എന്നായിരുന്നു മറുപടി

ഏലിയാസ് പാത്രിയർക്കീസ് ബാവായുമായുള്ള സംഭാഷണത്തെപ്പറ്റി വട്ടശ്ശേരിൽ തിരുമേനി തന്നെ സസ്പെൻഷൻ കേസ് എന്നറിയപ്പെട്ടിരുന്ന കേസിൽ കോടതിയിൽ ഹാജരായി മൊഴി നൽകിയട്ടുണ്ട്.

104 കന്നി 23-ാം തീയതിയിലെ ഒരു മൊഴിയിൽ കാണുന്നത് "എനിക്ക് മലങ്കരസഭയിൽ സമാധാനം ഉണ്ടായി കാണണമെന്നേ ആഗ്രഹമുള്ളുവെന്നും ഞാൻ വയസ്സനും രോഗിയും ആകെയാൽ ഇനി സ്വസ്ഥമായി ജീവിക്കണമെന്നാണ് എന്റെ ആഗ്രഹം എന്നും, മലങ്കരസഭയിൽ സമാധാനം ഉണ്ടാവുകയും മേൽനടപടിക്ക് ആവശ്യമായവ ഏർപ്പെടുത്തിക്കാണുകയും ചെയ്താലുടൻ അസോസിയേഷൻ കൂടി ഒരു മെത്രാപ്പോലീത്തായെ മലങ്കര മെത്രാപ്പോലീത്താ ആയി, അതായത് എന്റെ പിൻഗാമി ആയി തെര

(ശേഷം പേജ് 5-ൽ)

# വി.വലിയനോമ്പിലേക്ക് ഒരു വേദവായനാ ധ്യാനക്രമം

*2013–ലെ വി.വലിയ നോമ്പിനെ എങ്ങനെ അനുഗ്രഹപ്രദമാക്കാം?*

**വലിയനോമ്പിൽ സുവിശേഷങ്ങൾ ഒരാവർത്തി വായിച്ചുതീർക്കുവാൻ തക്കവിധം ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ പ്രാർത്ഥനായോഗത്തിന്റെ ചുമതലയിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വേദവായനക്കുറിപ്പ് സഭാംഗങ്ങളുടെ മുഴുവൻ പ്രയോജനത്തിനായി മലങ്കരസഭാദീപത്തിൽ പ്രസിദ്ധീകരിക്കുന്നു.**

| ദിവസം | തീയതി | വേദവായനാഭാഗങ്ങൾ | റിമാർക്ക്സ് |
|---|---|---|---|
| തിങ്കൾ | 11 ഫെബ്രുവരി | മത്തായി 1–3 | |
| ചൊവ്വ | 12ഫെബ്രുവരി | മത്തായി 4–6 | |
| ബുധൻ | 13 ഫെബ്രുവരി | മത്തായി 7–9 | |
| വ്യാഴം | 14 ഫെബ്രുവരി | മത്തായി 10–12 | |
| വെള്ളി | 15 ഫെബ്രുവരി | മത്തായി 13–14 | |
| ശനി | 16 ഫെബ്രുവരി | മത്തായി 15–16 | |
| ഞായർ | 17 ഫെബ്രവരി | | കുഷ്ഠരോഗികളുടെ ഞായർ |
| തിങ്കൾ | 18 ഫെബ്രുവരി | മത്തായി 17–18 | |
| ചൊവ്വ | 19 ഫെബ്രുവരി | മത്തായി 19–20 | |
| ബുധൻ | 20 ഫെബ്രുവരി | മത്തായി 21–22 | |
| വ്യാഴം | 21 ഫെബ്രുവരി | മത്തായി 23–24 | |
| വെള്ളി | 22 ഫെബ്രുവരി | മത്തായി 25–26 | |
| ശനി | 23 ഫെബ്രുവരി | മത്തായി 27–28 | |
| ഞായർ | 24 ഫെബ്രുവരി | | തളർവാതരോഗിയുടെ ഞായർ |
| തിങ്കൾ | 25 ഫെബ്രുവരി | മർക്കോസ് 1–3 | |
| ചൊവ്വ | 26 ഫെബ്രുവരി | മർക്കോസ് 4–6 | |
| ബുധൻ | 27 ഫെബ്രുവരി | മർക്കോസ് 7–9 | |
| വ്യാഴം | 28 ഫെബ്രുവരി | മർക്കോസ് 10–12 | |
| വെള്ളി | 1 മാർച്ച് | മർക്കോസ് 13–14 | |
| ശനി | 2 മാർച്ച് | മർക്കോസ് 15–16 | |
| ഞായർ | 3 മാർച്ച് | | ക്നാനായിത്തോ |
| തിങ്കൾ | 4 മാർച്ച് | ലൂക്കോസ് 1–3 | |
| ചൊവ്വ | 5 മാർച്ച് | ലൂക്കോസ് 4–6 | |
| ബുധൻ | 6 മാർച്ച് | ലൂക്കോസ് 7–9 | |
| വ്യാഴം | 7 മാർച്ച് | ലൂക്കോസ് 10–12 | |
| വെള്ളി | 8 മാർച്ച് | ലൂക്കോസ് 13–14 | |
| ശനി | 9 മാർച്ച് | ലൂക്കോസ് 15–16 | |
| ഞായർ | 10 മാർച്ച് | | കിപ്തോ ഞായർ |
| തിങ്കൾ | 11 മാർച്ച് | ലൂക്കോസ് 17–18 | |
| ചൊവ്വ | 12 മാർച്ച് | ലൂക്കോസ് 19–20 | |
| ബുധൻ | 13 മാർച്ച് | ലൂക്കോസ് 21–22 | |
| വ്യാഴം | 14 മാർച്ച് | ലൂക്കോസ് 23–24 | |
| വെള്ളി | 15 മാർച്ച് | യോഹന്നാൻ 1 | |
| ശനി | 16 മാർച്ച് | യോഹന്നാൻ 2–3 | |
| ഞായർ | 17 മാർച്ച് | | സമിയോ ഞായർ |
| തിങ്കൾ | 18 മാർച്ച് | യോഹന്നാൻ 4–5 | |
| ചൊവ്വ | 19 മാർച്ച് | യോഹന്നാൻ 6 | |
| ബുധൻ | 20 മാർച്ച് | യോഹന്നാൻ 7–8 | |
| വ്യാഴം | 21 മാർച്ച് | യോഹന്നാൻ 9–10 | |
| വെള്ളി | 22 മാർച്ച് | യോഹന്നാൻ 11 | |
| ശനി | 23 മാർച്ച് | യോഹന്നാൻ 12 | |
| ഞായർ | 24 മാർച്ച് | | ഓശാന ഞായർ |
| തിങ്കൾ | 25 മാർച്ച് | യോഹന്നാൻ 13–14 | |
| ചൊവ്വ | 26 മാർച്ച് | യോഹന്നാൻ 15–16 | |
| ബുധൻ | 27 മാർച്ച് | യോഹന്നാൻ 17–18 | |
| വ്യാഴം | 28 മാർച്ച് | യോഹന്നാൻ 19 | പെസഹാവ്യാഴം |
| വെള്ളി | 29 മാർച്ച് | യോഹന്നാൻ 20 | ദുഃഖവെള്ളി |
| ശനി | 30 മാർച്ച് | യോഹന്നാൻ 21 | ദുഃഖശനി |
| ഞായർ | 31 മാർച്ച് | | ഉയിർപ്പ് ഞായർ |

## ഭദ്രാസന യുവജനസംഗമം

കൊല്ലം : കൊല്ലം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സത്പ്രയാണ ബോധന ശിബിരം എന്ന പേരിൽ യുവജനസംഗമം സംഘടിപ്പിച്ചു. പെരുമ്പുഴ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് ദേവാലയത്തിൽവെച്ച് നടന്ന സംഗമത്തിൽ അഭി.സഖറിയാ മാർ അന്തോണിയോസ് അദ്ധ്യക്ഷത വഹിച്ചു. പി.സി.വിഷ്ണുനാഥ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഫാ.ബോബി ജോസ് കപ്പൂച്ചിൻ മുഖ്യപ്രഭാഷണം നടത്തി. ഫാ.എം.എം.വൈദ്യൻ, ഫാ.ജോസ് എം.ഡാനിയേൽ, ഫാ.ജോൺ ഗീവർഗീസ് എന്നിവർ പ്രസംഗിച്ചു.

# ജനനപ്പെരുന്നാളും പൊറുതിമുട്ടിക്കുന്ന ആഘോഷവും

ഐസക്ക് പി.തോമസ് ബാംഗ്ലൂർ

വി.മത്തായി 2:14–ൽ അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം എന്ന സന്ദേശം എത്തിക്കുന്നവരോടൊപ്പം (കരോൾസംഘം) ക്രിസ്തുവിന്റെ ജനനം ഒരുകൂട്ടർക്ക് ഭീഷണിയാകുന്നതുപോലെ സന്ദേശവാഹകരോടൊപ്പം മദ്യലഹരിയിൽ പോകുന്നവരെ വിലക്കിയതിനു ബദലായി സന്ദേശംപോലും അയക്കേണ്ട എന്ന ഹെരോദാവിനു തുല്യമായി പ്രതികാരം ചെയ്ത ഇടവകയുടെ ശാസ്ത്രിമാരെ ഒന്നുമാത്രം ഓർക്കുക. എളിയവരെയും എളിയതിനെയും മഹത്വീകരിക്കണമെന്നുള്ളത് മനുഷ്യാവതാരത്തിന്റെ പ്രത്യേകത ആണെന്നും ഈ പ്രത്യേകത നമ്മുടെ ജീവിതത്തിൽ എന്നും പ്രശോഭിക്കേണ്ടതും എന്ന് ഓർമ്മിക്കുക. വിദ്വാന്മാരുടെ ഹൃദയം ഏവർക്കും ഉണ്ടാകട്ടെ എന്നും പ്രാർത്ഥിക്കാം. പൊന്നും മൂരും കാഴ്ചയായി അർപ്പിച്ചില്ലെങ്കിലും കുന്തിരിക്കം എങ്കിലും കാഴ്ചയായി സമർപ്പിക്കുക. മദ്യത്തിനെതിരെ ശബ്ദം ഉയർത്തിയ വികാരിയെ ആദരിച്ചില്ലെങ്കിലും അധിക്ഷേപിക്കരുതേ എന്ന പുതുവത്സര സന്ദേശം ഉൾക്കൊള്ളുക.

## പുസ്തകപ്രകാശനം

കൊല്ലം : കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ സഖറിയാ മാർ അന്തോണിയോസ് രചിച്ച ലളിതം മധുരം എന്ന പുസ്തകം കൊല്ലം ഭദ്രാസന യുവജനപ്രസ്ഥാനം പ്രസിദ്ധീകരിച്ചു. പ.മാത്യൂസ് ദ്വിതീയൻ ബാവായുടെ ഓർമ്മപ്പെരുന്നാളിൽ പ.കാതോലിക്കാ ബാവാ ഫാ.റ്റി.ജെ.ജോഷ്വായ്ക്ക് നൽകി പ്രകാശനം നടത്തി.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**മേരി ജോൺ**

## കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

**എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള–673 591, ഫോൺ : 04936–247274, 9446733201**

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993–ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.


കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുക. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

# മക്കാറിയോസ് മെത്രാപ്പോലീത്തായുടെ അഞ്ചാം ഓർമ്മപ്പെരുന്നാൾ


## അയിരൂർ ചെറിയപള്ളിയിൽ ആഘോഷിക്കുന്നു



അമേരിക്കൻ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന മാർ മക്കാറിയോസിന്റെ അഞ്ചാം ഓർമ്മപ്പെരുന്നാൾ മാർച്ച് മാസം മൂന്നാം ഞായറാഴ്ച വിപുലമായി ആഘോഷിക്കുന്നു.

അന്നേ ദിവസം രാവിലെ ഡോ.തോമസ് മാർ അത്താനാസിയോസ്, ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, മാത്യൂസ് മാർ തീമോത്തിയോസ്, ജോഷ്വാ മാർ നിക്കോദിമോസ് എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിൽ പ്രഭാതനമസ്ക്കാരം, വി.കുർബ്ബാന, ധൂപപ്രാർത്ഥന എന്നിവ നടത്തപ്പെടുന്നതാണ്.

കേരളാ മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന അനുസ്മരണ സമ്മേളനത്തിൽ നിർദ്ധനരായ നൂറു വിദ്യാർത്ഥികൾക്കു നൽകുന്ന വിദ്യാഭ്യാസ സഹായത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിക്കുന്നതും മന്ത്രി ഗണേഷ് കുമാർ പ്രസംഗിക്കുന്നതുമാകുന്നു.







2013-ലെ മക്കാറിയോസ് അവാർഡ് മന്ത്രി അനൂപ് ജേക്കബിന് മക്കാറിയോസ് ഫൗണ്ടേഷൻ പ്രസിഡന്റ് ഡോ.തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ നൽകി ആദരിക്കുന്നതുമാണ്.

## MAKARIOS FOUNDATION INTERNATIONAL ADVISORS



ഡോ.ബാബു ചാക്കോ, കോട്ടയം



പോൾ മത്തായി



ഡോ.മേരി അലക്സ് പരുമല



കെ.റ്റി.മാത്യു, കുവൈറ്റ്



റെജി തോമസ് കൊട്ടാരക്കര ഇംഗ്ലണ്ട്



ഫാ.സൈമൺ മാത്യു അയിരൂർ



മോനി സഖറിയാ പരുമല



ഡോ.മേരി ജേക്കബ് യു.എസ്.എ.



ഡോ.സെൻ കല്ലുംപുറം ഇംഗ്ലണ്ട്



ഇ.എസ്.ജോൺ ആസ്ട്രേലിയ



സി.തോമസ് കാനഡ

## ഡോ.തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ

മലങ്കരസഭയുടെ ബോംബെ, അമേരിക്ക, കാനഡ - യുകെ - യൂറോപ്പ് ഭദ്രാസനങ്ങളുടെ പ്രഥമ മെത്രാപ്പോലീത്താ.

1926 മെയ് 6ന് അയിരൂർ കുറ്റിക്കണ്ടെത്തിൽ ജനനം.

ഹിസ്റ്ററി, പൊളിറ്റിക്സ് എന്നീ വിഷയങ്ങളിൽ ബി.എ. ബിരുദവും, അമേരിക്കയിൽനിന്ന് ബിഡിയും അലക്സന്ത്ര്യയിൽനിന്ന് എസ്.റ്റി.എമ്മും, അമേരിക്കയിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽനിന്ന് ഡോക്ടറേറ്റും കരസ്ഥമാക്കി. വിവിധ വിദേശ സർവ്വകലാശാലകളിൽനിന്ന് വേദശാസ്ത്രത്തിൽ ഉന്നത പരിശീലനങ്ങൾ നേടി.

വൈദികസെമിനാരി അദ്ധ്യാപകൻ, വിവിധ തിയോളജിക്കൽ സെമിനാരിയിൽ വിസിറ്റിംഗ് പ്രൊഫസർ എന്നീ നിലകളിൽ സ്തുത്യർഹമായി പ്രവർത്തിച്ചു.

പ.ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽനിന്ന് 1951-ൽ ശെമ്മാശുപട്ടവും 52-ൽ വൈദികപട്ടവും സ്വീകരിച്ചു. 1975 ഫെബ്രുവരി 16ന് നിരണത്തുവെച്ച് തോമസ് മാർ മക്കാറിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു.

2008 ഫെബ്രുവരി 23ന് ഇംഗ്ലണ്ടിൽ കാലം ചെയ്ത് കോട്ടയം ദേവലോകം അരമനയിൽ കബറടക്കി.

# പക്ഷവാതരോഗിയുടെ ഞായറാഴ്ച

## ധ്യാനപീഠം

വെരി.റവ.ഏലിയാസ് കോശി
റമ്പാൻ, പത്തനാപുരം

**വേദഭാഗം :വി.മർക്കോസ് 2:1–12**

ഈ ഞായറാഴ്ച രോഗികളുടെ ഞായറാഴ്ചയായിട്ടാണ് സഭ ആചരിക്കുന്നത്. ഈ രോഗത്തെ സൗഖ്യമാക്കിയത് കഫർന്നഹൂമിൽവെച്ചാണ്. കഫർന്നഹൂം എന്ന വാക്കിന്റെ അർത്ഥംതന്നെ വാതിൽ തുറന്നിടുക – എല്ലാവർക്കും സ്വാഗതം എന്നാണ്. പക്ഷവാതം എന്ന രോഗം ശരീരത്തിനെയും മനസ്സിനെയും ഒന്നുപോലെ തളർത്തിക്കളയുന്ന ഒന്നാണ്. യഹൂദന്മാരുടെ വിശ്വാസം പാപത്തിന്റെ കൂടുതൽകൊണ്ടാണ് ഈ രോഗം ഉണ്ടാകുന്നത് എന്നാണ്. കൂടാതെ ദൈവകോപം എന്നുംകൂടെ അവർ വിശ്വസിച്ചിരുന്നു. ധാരാളം ആളുകൾ വിവിധ ഉദ്ദേശങ്ങളോടുകൂടെ അവിടെ എത്തിയിട്ടുണ്ടായിരുന്നു. തന്മൂലം നാല് ആളുകൾ ചുമന്നുകൊണ്ടുവന്ന രോഗിയെ കർത്താവിന്റെ സന്നിധിയിൽ എത്തിക്കാൻ മാർഗ്ഗമില്ലാതിരുന്നതുകൊണ്ടാണ് പുരയുടെ മേൽക്കൂര ഇളക്കേണ്ടിവന്നത്. ആ രോഗിയെ ചുമന്നുകൊണ്ടുവന്ന നാല് ആളുകളുടെ വിശ്വാസം എത്ര വലിയത്. മനശാസ്ത്രജ്ഞന്മാർ പറയുന്നത് മനശക്തി നഷ്ടപ്പെടുമ്പോൾ രോഗം ഉണ്ടാകുന്നു എന്നാണ്. ഈ രോഗസൗഖ്യം കർത്താവിന്റെ കുരിശുമരണം വരെ എത്തിച്ചു. യേശുവിനോടുള്ള എതിർപ്പ് സാധാരണക്കാരായ യഹൂദന്മാരിൽനിന്നല്ല, സ്വന്തം സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കപ്പെടാൻ തത്രപ്പെടുന്ന മതാധികാരികളിൽനിന്നാണ്. നിയമത്തിന്റെ ചൈതന്യസത്തയും ഉദ്ദേശ്യവും പൂർണ്ണമായി തെറ്റിദ്ധരിച്ചതിന്റെയും സങ്കുചിതമായി വ്യാഖ്യാനിച്ചതിന്റെയും ഫലമായി ഉടലെടുത്ത എതിർപ്പാണ്.

ഈ നാലാളുകളുടെ ദൃഢനിശ്ചയും, മദ്ധ്യസ്ഥപ്രാർത്ഥന എന്നിവയുടെ പ്രസക്തി ഇവിടെ തെളിയിക്കപ്പെടുകയാണ്. അന്നത്തെ ഭവനങ്ങളുടെ മേൽക്കൂര കളിമണ്ണും വയ്ക്കോലും ചേർത്തുണ്ടാക്കിയിരുന്നതിനാൽ അത് പൊളിച്ചുമാറ്റുന്നതിന് പ്രയാസം ഉണ്ടാകുന്നതല്ലായിരുന്നു. കിടക്കയോടെ ആ രോഗിയെ കർത്തൃസന്നിധിയിൽ ഇറക്കി വെയ്ക്കയായിരുന്നു. പ്രതീക്ഷയ്ക്കു വിരുദ്ധമായി രോഗസൗഖ്യമല്ല നൽകിയത് പിന്നെയോ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന പ്രഖ്യാപനം ആണ് ഉണ്ടായത്. പാപവും രോഗവും തമ്മിൽ അഭേദ്യ ബന്ധമുണ്ടെന്നും പാപക്ഷമയിലൂടെയാണ് രോഗി സൗഖ്യമായതെന്നും മനസ്സിലാക്കാം. സങ്കീ.103:3–ാം വാക്യം അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു. നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു എന്നും നാം വായിക്കുന്നു. മനുഷ്യന്റെ ശാരീരിക രോഗത്തിന്റെ വേരു പിഴുതുമാറ്റുകയാണ്.

പാപങ്ങൾ മോചിച്ച നടപടി ശാസ്ത്രിമാർക്ക് അരോചകമായി തോന്നി. മർക്കോസ് 2:10 എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിക്കുവാൻ മനുഷ്യപുത്രന് അധികാരം ഉണ്ട്. ഇതു സാക്ഷാൽ ദൈവപുത്രന് മാത്രമേ സാധ്യമാവുകയുള്ളു പ്രവാചകനായ നാഥാൻ പോലും പാപമോചനത്തിനുള്ള അധികാരം അവകാശപ്പെട്ടില്ല. 2ശമുവേൽ 12:13 ദാവീദ് നാഥാനോട് ഞാൻ യഹോവയോട് പാപം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു. അതിനു നാഥാൻ യഹോവ നിന്റെ പാപം മോചിച്ചിരിക്കുന്നു. നീ മരിക്കയില്ല എന്നു പറഞ്ഞു. പാപം മോചിച്ചിരിക്കുന്നു എന്നുള്ളത് എളുപ്പം പറയാം. അത് തെളിയിക്കേണ്ടത് ആവശ്യവുമായതിനാലാണ് നീ എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തുകൊണ്ടു നടക്കുക എന്നു കല്പിച്ചത്. അവൻ ആ കല്പന അനുസരിച്ച് കട്ടിൽ എടുത്തുകൊണ്ട് നടന്നു പോവുകയും ചെയ്തു.

നമ്മുടെ ചുറ്റും അനേകവിധത്തിലുള്ള രോഗികൾ ഉണ്ട്. അവരെ കണ്ടില്ലെന്നു നടിക്കാനോ അതിൽ എനിക്കു കാര്യമില്ലെന്നു ചിന്തിക്കാനോ നാം ശ്രമിക്കരുത്. നമ്മുടെ കൈത്താങ്ങലിനുവേണ്ടി കാത്തിരിക്കുന്നവരെ നാം നിരാശപ്പെടുത്തരുത്. സൗഖ്യദാന ശുശ്രൂഷ വി.സഭയുടെ ഒരു സുപ്രധാന ചുമതലയാണ്. നാം എല്ലാവരും അതിൽ പങ്കുചേരണം. ഈ രോഗിയെ ചുമന്നുകൊണ്ടുവന്ന നാലു വ്യക്തികൾ ഒരു പ്രതീകം ആണ്. പ്രാർത്ഥന, നോമ്പ്, ഉപവാസം, ആരാധന ഈ നാലു കാര്യങ്ങളിലുള്ള ആത്മാർത്ഥമായ അനുഷ്ഠാനം നമ്മുടെ ശരീരാത്മദേഹികളുടെ തളർവാതം ഇല്ലാതാക്കും. കിടക്ക എടുത്തു നടക്കാനുള്ള ശക്തി പ്രദാനം ചെയ്യും സൗഖ്യദാനത്തിൽക്കൂടി പൂർണ്ണതയിലേക്ക് നയിക്കുന്ന അനുഭവം കർത്താവ് നമുക്കും നൽകും. ആത്മീയവും മാനസികവുമായ തളർച്ച ആധുനിക ജീവിതത്തിന്റെ സ്വഭാവവിശേഷമാണ്. ഈ തളർച്ച അകറ്റി യേശു ശക്തി നൽകുന്നത് രണ്ടു മുഖാന്തിരങ്ങളിൽക്കൂടിയാണ് 1. പരസ്പര പ്രാർത്ഥനയിലുള്ള കൂട്ടായ്മ, 2. പാപക്ഷമ പ്രാപിക്കുന്ന വ്യക്തികളിൽക്കൂടി രോഗസൗഖ്യം നൽകുന്ന യേശു. സമൃദ്ധിയായ ജീവൻ നൽകി കിടക്കയിൽനിന്നും എഴുന്നേൽപ്പിച്ചുവിടുന്ന യേശു ജീവന്റെ പൂർണ്ണതയുടെ പ്രതീകമാണെന്ന് തിരിച്ചറിയാൻ കർത്താവു നമ്മെ സഹായിക്കട്ടെ.


**Novena to the Blessed Virgin Mary**

(Never Known To Fail)

Oh, most beautiful flower of Mount Carmel, fruitful vine, splendor of Heaven. Blessed Mother of the Son of God; Immaculate Virgin, assist me in my necessity. Oh Star of the Sea, help me and show me you are my Mother. Oh Holy Mary, Mother of God, Queen of Heaven and Earth, I humbly beseech you from the bottom of my heart to succour me in my necessity (Mention your reguest here). There are none that can withstand your power. Oh Mary, conceived without sin, pray for us who have recourse to thee (3 times). Holy Mary, I palce this prayer in your hands (3 times). Amen

Say this prayer for 3 consecutive days and then you must publish it and it will be granted to you.

Inserted by

**A firm believer**



**Novena to the Blessed Virgin Mary**

(Never Known To Fail)

Oh, most beautiful flower of Mount Carmel, fruitful vine, splendor of Heaven. Blessed Mother of the Son of God; Immaculate Virgin, assist me in my necessity. Oh Star of the Sea, help me and show me you are my Mother. Oh Holy Mary, Mother of God, Queen of Heaven and Earth, I humbly beseech you from the bottom of my heart to succour me in my necessity (Mention your reguest here). There are none that can withstand your power. Oh Mary, conceived without sin, pray for us who have recourse to thee (3 times). Holy Mary, I palce this prayer in your hands (3 times). Amen

Say this prayer for 3 consecutive days and then you must publish it and it will be granted to you.

Inserted by

**A firm believer**


# കല്ലട സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിൽ പ.അന്ത്രയോസ് ബാവായുടെ 321–ാം ശ്രാദ്ധപ്പെരുന്നാളും കൺവൻഷനും



കല്ലട : സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിൽ പ.മാർ അന്ത്രയോസ് ബാവായുടെ 321–ാമത് ഓർമ്മപ്പെരുന്നാളും കൺവൻഷനും 2013 ഫെബ്രുവരി 24 മുതൽ മാർച്ച് 3 വരെ വിവിധ പരിപാടികളോടെ ആചരിക്കും.

1678–ൽ സിറിയയിൽനിന്നും കേരളത്തിലെത്തുകയും മലങ്കരസഭയുടെ സുപ്രധാന ദേവാലയങ്ങളിലെല്ലാം സന്ദർശനം നടത്തുകയും ഒടുവിൽ കല്ലടയിൽ കാലംചെയ്ത് വലിയപള്ളിയുടെ പ.മദ്ബഹായിൽ കബറടങ്ങിയിരിക്കുന്ന സത്യവിശ്വാസ സംരക്ഷകനായ മാർ അന്ത്രയോസ് ബാവായുടെ കബറിടവും അദ്ദേഹത്തിന്റെ നാമത്തിൽ അറിയപ്പെടുന്ന ദേവാലയവും അനേകരുടെ തീർത്ഥാടന കേന്ദ്രമായാണ് ഇന്ന് അറിയപ്പെടുന്നത്.

## ജനങ്ങൾ നെഞ്ചിലേറ്റിയ പരിശുദ്ധൻ

ഫാ.എം.എം.വൈദ്യൻ


പരിശുദ്ധ അന്ത്രയോസ് ബാവയുടെ 321.ാം ഓർമ്മപ്പെരുന്നാൾ !നൂറ്റാണ്ടുകൾക്കപ്പുറം ജീവിച്ച ഒരു പരിശുദ്ധനെ ജനം എങ്ങനെ അറിയുന്നു?. ചരിത്രപരമായ രേഖകളുടെ അഭാവത്തിലും നെഞ്ചേറ്റി വിശ്വാസസമൂഹം കബറിങ്കലേക്ക് ഒഴുകി എത്തുന്നു.

യേശു തമ്പുരാൻ അരുൾ ചെയ്യുന്നു. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ഒരു നാളും മരിക്കയില്ല. വി.യോഹന്നാൻ 11.26 പരിശുദ്ധൻമാർ മരിച്ചാലും ജീവിക്കുന്നവരാണ്. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. (വി.യോഹ 6.56) . അവർ നിത്യം ദൈവത്തോടുകൂടെ വസിക്കുന്നു. അതു കൊണ്ടാണ് അവരിൽ അഭയം തേടുന്നത്.

അല്പം പഞ്ചസാര തുറന്ന ഒരു പാത്രത്തിൽ ഇരുന്നാൽ ഉറുമ്പുകൾ അവിടേക്ക് കൂട്ടമായി എത്തിച്ചേരും. പരിശുദ്ധൻ മാരിൽ അധിവസിക്കുന്ന വിശുദ്ധിയുടെ പരിമളം വിശ്വാസികളെ ഹഠാദാകർഷിക്കും .വിളക്കുകത്തിച്ചു പറയിൻ കീഴല്ല, തണ്ടിന്മേൽ അത്രേ വക്കുന്നത്. തണ്ടിന്മേൽ വക്കപ്പെട്ടിരിക്കുന്ന വിളക്കുകളാണ് പരിശുദ്ധൻമാർ. അവരുടെ ആത്മീക ശോഭ മറ്റുള്ളവരിൽ പ്രകാശം പരത്തുന്നു.

ഈ പരിശുദ്ധന്റെ കബറിങ്കൽ ദിവസേന എത്തിച്ചേരുന്ന ഭക്തർ ആവശ്യങ്ങൾ സമർപ്പിക്കുവാനും ലഭിച്ച ദൈവ കൃപക്കു നന്ദി അർപ്പിക്കുവാനുമായി എത്തുന്നവരാണ്. രോഗികൾ, പ്രയാസങ്ങൾ അനുഭവിക്കുന്നവർ ദുരാത്മപീഡിതർ ഇങ്ങനെ എത്തുന്നവർ അനേകർ. ഏലീശാ പ്രവാചകന്റെ അസ്ഥികളിൽ നിന്ന് പ്രവഹിച്ച ജീവൻ (2 രാജാ 13.21) ഇന്നും പരിശുദ്ധൻമാരിലൂടെ വിശ്വാസികൾ അനുഭവിക്കുന്നു.

പരിശുദ്ധ അന്ത്രയോസ് ബാവയെ നമുക്ക് മദ്ധ്യസ്ഥനായി നല്കിയ ദൈവത്തെ സ്തുതിക്കാം . പരിശുദ്ധ പിതാവേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.



### പെരുന്നാൾ പരിപാടികൾ

**2013 ഫെബ്രുവരി 24 ഞായർ**

8.00 am : വി.കുർബ്ബാന

**സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ**

10.30 am : പതാകഘോഷയാത്ര

11.00 am : കൊടിയേറ്റ്

കുരിശിൻസൗധം കൂദാശ

12.00 : വെച്ചൂട്ട്

**2013 ഫെബ്രുവരി 27 ബുധൻ**

5.30 pm : മേടയിൽ മദ്ധ്യസ്ഥപ്രാർത്ഥന

6.00 pm : സന്ധ്യാനമസ്ക്കാരം, ഗാനശുശ്രൂഷ

7.00 pm : കൺവൻഷൻ ഉദ്ഘാടനം

**റവ.ഫാ.ജോസ് എം.ഡാനിയേൽ**

7.15 pm : വചനശുശ്രൂഷ

**റവ.ഫാ.ഫിലിപ്പ് തരകൻ, തേവലക്കര**

**2013 ഫെബ്രുവരി 28 വ്യാഴം**

6.00 pm : സന്ധ്യാനമസ്ക്കാരം, ഗാനശുശ്രൂഷ

7.15 pm : വചനശുശ്രൂഷ

**വെരി.റവ.മത്തായി ഇടയനാൽ കോർഎപ്പിസ്കോപ്പാ**

**2013 മാർച്ച് 1 വെള്ളി**

10.00 am : ധ്യാനം, ഉച്ചനമസ്ക്കാരം, വെച്ചൂട്ട്

7.15 pm : വചനശുശ്രൂഷ

**ഫാ.ജോൺ തോമസ് കരിങ്ങാട്ടിൽ**

**2013 മാർച്ച് 2 ശനി**

8.00 am : വി.മൂന്നിന്മേൽ കുർബ്ബാന

**അഭി.ഡോ.യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ**

11.00 am : വെച്ചൂട്ട്

4.30 pm : റാസ

6.00 pm :സന്ധ്യാനമസ്ക്കാരം

**2013 മാർച്ച് 3 ഞായർ**

8.30 am : വി.മൂന്നിന്മേൽ കുർബ്ബാന

**അഭി.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ, അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ, അഭി.അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ**

11.30 am : വെച്ചൂട്ട്

6.00 pm : സന്ധ്യാനമസ്ക്കാരം, റാസ, ശ്ലൈഹികവാഴ്വ്, കൊടിയിറക്ക്, നേർച്ചവിളമ്പ്

# സ്നേഹത്തിന്റെ പ്രവാചകൻ മാർ ഒസ്താത്തിയോസ്


അനീഷ് ബാബു ഹരിപ്പാട്

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയ്ക്ക് ദൈവം കനിഞ്ഞരുളിയ വരപ്രസാദമാണ് മാർ ഒസ്താത്തിയോസ് തിരുമേനി.

ദാവീദ് എന്ന ഇടയചെറുക്കന്റെ കയ്യിൽ ചെറിയ കല്ലുകൾ പെറുക്കിവെച്ച് മല്ലനായ ഗോലിയാത്തിന്റെ മുമ്പിലേക്ക് പറഞ്ഞുവിട്ട ദൈവംതമ്പുരാൻ സാമൂഹിക തിന്മകൾക്കെതിരെ ഇടിമുഴക്കമുള്ള പ്രവാചകശബ്ദമായി തീരുവാൻ ഈഴക്കടവുകാരൻ ജോർജ്ജുകുട്ടി എന്ന ചെറുക്കന്റെ കൈകളിൽ സുവിശേഷത്തിന്റെ കല്ലുകൾ നൽകി പറഞ്ഞയച്ചു. സ്നേഹത്തിന്റെ പ്രവാചകൻ എന്നും സഞ്ചരിക്കുന്ന ഗാന്ധിയൻ എന്നും സഭാരത്നമെന്നും മഹാഗുരുവെന്നും വിശേഷണങ്ങൾ അനവധിയെങ്കിലും ബഹുഭൂരിപക്ഷം സാധാരണക്കാരും നെഞ്ചോട് ചേർത്ത് ഉരുവിട്ടിരുന്നത് എന്റെ തിരുമേനി (അപ്പച്ചൻ) എന്നാണ്. ഇടപെടലുകളുടെ സുതാര്യതയും സാമ്പത്തിക കാര്യങ്ങളുടെ കൃത്യതയും വാക്കുകളുടെ ആത്മാർത്ഥതയും പ്രാർത്ഥനയുടെ വിശുദ്ധിയും വായനയുടെ പാണ്ഡിത്യവും തെളിമയും മലങ്കരയുടെ മാമുനി എന്ന വിശേഷണത്തിന് വന്ദ്യ പിതാവിനെ അർഹനാക്കി. ഒറീസയിലെ വെള്ളപ്പൊക്കത്തിൽ സകലവും നഷ്ടപ്പെട്ടവരും ബാംഗ്ലൂരിലെ എയ്ഡ്സ് രോഗികളും അവരുടെ രോഗമില്ലാത്ത കുഞ്ഞുങ്ങളും ഭാരതത്തിലെ പട്ടിണി പാവങ്ങളും തിരുമേനിക്ക് സഹോദരങ്ങളും സുഹൃത്തുക്കളുമാണ്. അവരുടെ കണ്ണുനീർ തിരുമേനിയുടെ കണ്ണുനീരാണ്.

ഒറീസാ വെള്ളപ്പൊക്കത്തിൽ സകലവും നഷ്ടപ്പെട്ടവർക്കുവേണ്ടി സഭയും സമൂഹവും സഹായം നൽകണമെന്ന് പ്രസംഗങ്ങളിലും കൺവൻഷനുകളിലും സഭാമാസികകളിലും ശബ്ദമുയർത്തിയ തിരുമേനി അവരുടെ ആവശ്യത്തിനുള്ള തുക ലഭ്യമായതിനുശേഷം ഇനി ആരും ഈ സംരഭത്തിലേക്ക് തുക അയക്കേണ്ട എന്നു കാട്ടി ലേഖനമെഴുതിയത് ആ മനുഷ്യസ്നേഹിയുടെ സത്യസന്ധതയുടെയും ആത്മാർത്ഥതയുടെയും നേർരേഖയത്രെ. ക്രിസ്തീയ കാര്യവിചാരകത്വത്തിന് ഒരു ഉത്തമദൃഷ്ടാന്തമാണ് തിരുമേനി. തിരുമേനിയുടെ വേദശാസ്ത്രം പങ്കിടീലിന്റെ തത്വശാസ്ത്രത്തിൽ അധിഷ്ഠിതമാണ്. തന്റെ അമ്മയിൽനിന്നു പഠിച്ച പങ്കിടീൽ തത്വശാസ്ത്രമാണ്. തിരുമേനിയുടെ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണം തന്റെ ഗുരുവായ തിരുമേനി കണ്ട തോമസ് ഉപദേശിയെപ്പോലെ വേദപുസ്തകത്തിലെ ഏത് അദ്ധ്യായവും എത്രാം വാക്യമെന്ന് കാണാതെ പറയുവാൻ തക്ക ജ്ഞാനം തിരുമേനിയും സ്വായത്തമാക്കി. മുലപ്പാലിന്റെ ഗന്ധം ചുണ്ടിൽനിന്നു മറയും മുമ്പെ തെരുവിലേക്ക് വലിച്ചെറിയപ്പെട്ട ചോരകുഞ്ഞിന്റെ മൃതശരീരം തെരുവിൽ കാക്കകൾകൊത്തിപറിക്കുന്നത് കണ്ടിട്ടാണ് പുതുപ്പാടി ആശ്രമവും അനുബന്ധ പ്രസ്ഥാനങ്ങളും തുടക്കം കുറിക്കുവാനിടയായത്. അവിടെനിന്നും തുടങ്ങിയ അനുകമ്പയുടെയും നിസ്വാർത്ഥ സേവനത്തിന്റെയും വിത്തുകൾ പടർന്നു പന്തലിച്ച് ഒടുവിൽ കോട്ടയം ബാലഭവനോളമെത്തിനിൽക്കുന്നു. ആമോസിന്റെ തൂക്കുകട്ടയും മറിച്ചിടാത്ത ദോശയും സ്നേഹത്തിന്റെ പ്രവാചകന്റെ സാമൂഹ്യബോധത്തിന്റെ മാറ്റൊലിയായി മാറി. കൺവൻഷൻ യോഗങ്ങളിൽ ഉതിർന്നുവീഴുന്ന തീപ്പൊരികൾ അനേകർക്ക് പാതയ്ക്ക് പ്രകാശവും ആത്മശോധനയുടെയും കുറ്റബോധത്തിന്റെയും തീക്കനലുമായി പരിണമിച്ചു. ആ വാക്കുകളുടെ ആത്മാർത്ഥതയും വിശ്വാസ്യതയും അനേകായിരങ്ങളെ സ്വാധീനിച്ചു. പലതും ഉപേക്ഷിച്ച് ദൈവവേലയ്ക്കിറങ്ങി ചിലർ വൈദികരും ചിലർ സന്യാസിനിമാരും ചിലർ സുവിശേഷകരായും മാറി. മരണം വരെയും ലളിതജീവിതം നയിച്ച ഒരു പിതാവും ഇന്നോളം ഭാരതസഭകളിൽ ഉണ്ടായിട്ടില്ല. 90-ാം വയസ്സിലും സാധാരണക്കാരിൽ സാധാരണക്കാർ സഞ്ചരിക്കുന്ന അംബാസിഡർകാറും തടികുരിശും കാവിവസ്ത്രവും ഉപേക്ഷിക്കുവാൻ അദ്ദേഹം തയ്യാറായില്ല. പെന്തിക്കോസ്തുകാരുടെ വേദവ്യാഖ്യാനത്തിനെതിരെയും നിരീശ്വരവാദികളുടെ ചോദ്യങ്ങൾക്കെതിരെയും അനേകം ലേഖനങ്ങളും പുസ്തകങ്ങളും എഴുതിക്കൂട്ടി. രക്ഷ ക്രിസ്തുവിൽ മാത്രമോ? ദൈവം ഉണ്ടെന്നു തെളിയിക്കാമോ? തുടങ്ങിയ തലക്കെട്ടുകളിൽ പ്രസിദ്ധീകരിച്ചവ ഉദാഹരണങ്ങളാണ്. വാർദ്ധക്യത്തിന്റെ അവശതകളിലും തളർച്ചകൾ വകവെയ്ക്കാതെ കോലഞ്ചേരിയിൽ ഉപവാസമനുഷ്ഠിക്കുന്ന പ. ബാവാ തിരുമേനിയെ കാണുവാൻ സമരപന്തലിലെത്തി പ്രാർത്ഥന നടത്തുവാൻ ആ സഭാസ്നേഹിക്കു രണ്ടാമതൊന്ന് ആലോചിക്കേണ്ടിവരുന്നില്ല. പല കാര്യങ്ങൾക്കും തിരുമേനി മാതൃകയാണ്. പ.പരുമല തിരുമേനിയും വട്ടശ്ശേരിൽ തിരുമേനിയും പരിപാലിച്ചിരുന്ന നിരണം ഭദ്രാസനത്തിൽ മഹാത്ഭുതങ്ങളൊന്നും നടത്തിയില്ലെങ്കിലും പല സംരംഭങ്ങൾക്കും തുടക്കം കുറിച്ച് ആത്മീയവും ദൈവീകവുമായ മേച്ചിൽപുറങ്ങളിൽ സുവിശേഷത്തിന്റെ വിപ്ലവമുയർത്തുവാൻ യത്നിച്ചു. ഒടുവിൽ ഭദ്രാസനഭരണം തന്റെ ശിഷ്യനായ മാർ ക്രിസോസ്റ്റമോസ് പിതാവിന് നൽകി സ്ഥാനത്യാഗം ചെയ്ത് ചരിത്രം സൃഷ്ടിച്ചു. മലങ്കരസഭയിൽ ആദ്യമായി സ്ഥാനത്യാഗം ചെയ്യുന്ന ബിഷപ്പും 94-ാം വയസ്സുവരെ ജീവിച്ചിരുന്ന പിതാവും (വലിയബാവാ ഒഴികെ) എല്ലാ മേൽപട്ടക്കാരുടെയും ഗുരുവും തുടങ്ങി പല ചരിത്ര നിയോഗങ്ങളും ഈ യുഗപുരുഷനായി കാത്തിരുന്നു. ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതിയെന്നുരുവിടുന്ന തിരുമേനി ഇല്ലായ്മകളും വല്ലായ്മകളും ജയപരാജയങ്ങളുമെല്ലാം അരുമനാഥന്റെ മാറിലിട്ടു. സാധാരണക്കാരിൽ സാധാരണക്കാരനായ തന്നെ അസാധാരണക്കാരനാക്കി മാറ്റിയ തമ്പുരാന് നന്ദികരേറ്റി. അത് കർത്താവാകുന്നു എന്ന് തന്റെ ആത്മകഥയ്ക്ക് നാമവും നൽകി. തിരുമേനിയുടെ ത്രിത്വദർശനവും ആദ്വൈത ദർശനവും വേദശാസ്ത്രരംഗത്ത് ചലനങ്ങൾ സൃഷ്ടിച്ചു. പതിവ് പ്രഭാതനടത്തത്തിനിടയിലും പുതുപുത്തൻ ആശയങ്ങൾ മനസ്സിൽ പിറുപിറുത്ത് വലിയ ദൈവശാസ്ത്ര വിഷയങ്ങളായി രൂപപ്പെടുത്തുന്ന തിരുമേനിയുടെ കഴിവ് അസാധാരണമത്രെ. മൂന്നും നാലും ദിനപത്രങ്ങൾ വായിക്കുകയും സാമൂഹിക പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടുകയും ചെയ്യാൻ വാർദ്ധക്യം ഒരു തടസ്സമായിരുന്നില്ല. തൊണ്ണൂറുകളിലും 19കാരന്റെ ചുറുചുറുക്കോടെ സാമൂഹിക പ്രശ്നങ്ങളെ നോക്കിക്കണ്ടു. അപകടമോ ദാരുണ മരണങ്ങളോ നിലവിളിയോ ഉള്ളിടത്ത് ആരും വിളിക്കാത്ത അതിഥിയായി എത്തുന്ന തിരുമേനി. പഠിക്കാൻ സമർത്ഥരായവരും സാമ്പത്തിക ഞെരുക്കമുള്ളവരുമായ കുഞ്ഞുങ്ങളെ സ്വയം തേടിപ്പിടിച്ച് കൈവിരലുകളിലൊതുക്കുന്ന തിരുമേനി, ധനവാൻ സമ്പത്ത് കൂട്ടിവെയ്ക്കുന്നത് പാപമെന്നു പ്രസംഗിച്ചിട്ട് സമ്പന്നന്റെ പണവും നന്മയ്ക്കു വിനിയോഗിക്കുന്നതിൽ കുറ്റബോധമുണ്ടെന്നു സ്വയം പറയുന്ന തിരുമേനി യേശുവിനെ ക്രിസ്തു ഭഗവാനെന്നു വിളിക്കുവാൻ ആർജ്ജവം കാട്ടിയ തിരുമേനി. ഇതെല്ലാമാണ് ഓരോരുത്തർക്കും ഈ പിതാവ്.

ത്രിത്വദർശനത്തിൽ തുടങ്ങി സാമൂഹ്യനീതിയിലൂടെ സ്നേഹത്തിന്റെ ഏക മതത്തിലേക്കു മതം മാറുവാൻ ഉദ്ബോധിപ്പിക്കുന്ന ഒസ്താത്തിയോസ് ആശയങ്ങൾ നീതിയുടെ പ്രവാചകനെന്നും സ്നേഹത്തിന്റെ അപ്പോസ്തോലനെന്നുമുള്ള വിശേഷണങ്ങൾ അദ്ദേഹത്തിനു ചാർത്തിക്കൊടുത്തു. അറുപതുവർഷങ്ങൾക്കു മുമ്പ് തിരുമേനി പ്രവചിച്ച അമേരിക്കൻ സാമ്പത്തിക തകർച്ച 2008-ൽ യാഥാർത്ഥ്യമായി. അന്ത്യനിമിഷങ്ങളിലും മുതലാളിത്തത്തിന്റെ തകർച്ചയെക്കുറിച്ച് ശക്തമായി പ്രസംഗിച്ചു. സ്വാർത്ഥന്മാരായി സ്വത്ത് കുന്നുകൂട്ടുന്നവരെ മൃഗമെന്നു വിളിച്ചു എങ്കിലും ആ മൃഗീയതവിട്ട് സ്നേഹത്തിൽ വളർന്ന് മനുഷ്യരാകുവാൻ ഉദ്ബോധിപ്പിച്ചു. ഒടുവിൽ തന്റെ വാക്കും ചിന്തയും പിൻതലമുറകളിൽ വിതച്ച് സ്നേഹപിതാവിന്റെ നിത്യകൂടാരത്തിലേക്ക് നീതിയുടെ വാടാത്ത കിരീടത്തിനായി പോകുവാൻ 2012 ഫെബ്രുവരി മാസം 16-ാം തീയതി വൈകിട്ട് ഏഴ് ഇരുപതിന് ദൈവം തിരുമനസ്സായി. ആ വേർപാട് മലങ്കരസഭയ്ക്ക് നൽകിയ ശൂന്യതബോധത്തിൽനിന്നും കരകയറുവാൻ ഇനിയും എത്രയോ കാലം കാത്തിരിക്കേണ്ടു. ഇനിയും ഇങ്ങനെ ഒരു യുഗപുരുഷൻ മലങ്കരസഭയുടെ അരുമസന്താനമാകുവാൻ എത്രനാൾ കാത്തിരിക്കേണ്ടു......



# കർമ്മധീരനായ ക്രിസ്തുദാസൻ

പി.ജെ.അലക്സാർ, ചെങ്ങന്നൂർ

ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി കാലം ചെയ്തിട്ട് 2013 ഫെബ്രുവരി 2ന് 45 വർഷം കഴിഞ്ഞു. ഇത്തരുണത്തിൽ അദ്ദേഹത്തെപ്പറ്റി അറിവുള്ള കാര്യങ്ങൾ രേഖപ്പെടുത്തുന്നു.

തൃപ്പൂണിത്തറ നടമേൽ ഇടവകയിൽ പ്രശസ്തമായ മൂക്കഞ്ചേരിൽ തറവാട്ടിൽ പൈലിയുടെയും മറിയത്തിന്റെയും പത്തുമക്കളിൽ ഇളയവനായി ജനിച്ച എം.പി.പീറ്റർ ചെറുപ്പത്തിലേ നന്നായി പഠിച്ച് 1902-ൽ പ്രഥമ വർഷം തന്നെ എസ്.എസ്.എൽ.സി റാങ്കോടെ പാസ്സായി. 1911-ൽ ബി.എ., 1914ൽ എം.റ്റി., 1919ൽ ബി.ഡി എന്നീ ബിരുദങ്ങൾ എടുത്തു. 1916 ജൂൺ 4ന് പരുമല പള്ളിയിൽവെച്ച് അഭി.കണ്ടനാട് യുയാക്കീം മാർ ഈവാനിയോസ് തിരുമേനിയിൽനിന്ന് അഭിവന്ദ്യ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെയും കുടുംബബന്ധു ഫാ.പി.റ്റി.ഗീവർഗീസിന്റെയും സാന്നിധ്യത്തിൽ ശെമ്മാശുപട്ടം സ്വീകരിച്ചു. 1908 ജനുവരിയിൽ തിരുവല്ല തിരുമൂലപുരം ബാലികാമഠം ഹൈസ്ക്കൂളിൽ ആരംഭിച്ച ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനത്തിലും തുടർന്ന് 58 വർഷം അദ്ദേഹം സജീവമായി പങ്കുകൊണ്ടു.

വി.മാർത്തോമ്മാശ്ലീഹായിൽനിന്നും പ.പരുമല തിരുമേനിയിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് അനേകരെ കർത്താവിലേക്ക് ആകർഷിക്കുന്നതിനും അധകൃതരുടെ ഉന്നമനത്തിനുമായി ജീവിതം ഉഴിഞ്ഞുവെച്ച പീറ്റർ ശെമ്മാശ്ശൻ ഒരു സ്ക്കൂളിൽ അല്പകാലം ജോലിചെയ്തുണ്ടാക്കിയ പണം സ്വരൂപിച്ച് ഒരു ഫണ്ടുണ്ടാക്കുകയും സുവിശേഷവേലയ്ക്കായി പ്രവർത്തിക്കാൻ മുന്നോട്ടു വന്ന ഏതാനും യുവാക്കളെ ചേർത്ത് 1924-ൽ സ്ലീബാദാസ സമൂഹം സ്ഥാപിച്ചു. സമ്പന്നരും വിശാലമനസ്ക്കരുമായ വിശ്വാസികളിൽനിന്നും സംഭാവന സ്വീകരിച്ച് ഫണ്ടു വിപുലീകരിച്ചു. ആയിരക്കണക്കിനു അക്രൈസ്തവരെ സഭയിൽ ചേർക്കുകയും ചെയ്തു. 1926ൽ കശ്ശീശ പട്ടം സ്വീകരിച്ചു. ഉന്നതസ്ഥാനലബ്ദികളിൽ തൽപരനല്ലായിരുന്നിട്ടും മേൽപട്ടക്കാരുടെയും അഭ്യുദയകാംഷികളുടെയും സമ്മർദ്ദഫലമായി 1953-ൽ മെത്രാൻപട്ടം സ്വീകരിച്ചു. അഭ്യുദയകാംഷികൾ പിരിവെടുത്ത് ഒരു കാർഫണ്ടുണ്ടാക്കിയതിൽ പോരാത്ത മുഴുവൻ തുകയും കുവൈറ്റ് ഇടവകക്കാർ നൽകാമെന്നേറ്റിട്ടും കാർ വാങ്ങാൻ തിരുമേനി കൂട്ടാക്കിയില്ല. കാർഫണ്ടു ബാങ്കിൽ നിക്ഷേപിച്ച് പുതുക്രിസ്ത്യാനികളുടെ ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കണമെന്നും മറ്റു വിൽപത്രം എഴുതിവെച്ചു.

ഒരുമാതിരി ദൂരമെല്ലാം കാൽനടയായും കൂടുതൽ ദൂരം ബസ്സിലും ട്രെയിനിലുമായി സഞ്ചരിച്ചിരുന്നു. ട്രെയിനിൽ ഉയർന്ന ക്ലാസ്സിൽപോലും സഞ്ചരിക്കില്ലായിരുന്നുവെന്ന് നേരിട്ടറിയാം. ചെലവ് എത്രയും ചുരുക്കാൻ വേണ്ടി എത്ര ഉന്നതർക്കും പോസ്റ്റ് കാർഡിൽ മാത്രമാണ് എഴുതിയിരുന്നത്. പല തുറകളിലുള്ള ധാരാളം ഉന്നതരുമായി തിരുമേനി ഇടപെട്ടിരുന്നു. മൂന്നോ നാലോ പ്രാവശ്യം ഇന്ത്യയുടെ മറ്റു പല ഭാഗങ്ങളിലും സഞ്ചരിച്ച് സുവിശേഷവേല നടത്തി സ്ലീഹാദാസ സമൂഹം പ്രസിഡന്റിന്റെ ഭാരിച്ച ചുമതലകൾക്കു പുറമേ സാമ്പത്തികമായി വളരെ പിന്നിലായിരുന്ന മലബാർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ എന്നനിലയിലും സ്തുത്യർഹമായ സേവനം നടത്തി.

പ്രസിദ്ധമായ വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തതിനു പുറമേ അധകൃതരുടെ ഉന്നമനത്തിനുതകുന്ന പല മീറ്റിംഗുകളിലും പ്രകടനങ്ങളിലും പങ്കുകൊണ്ടിട്ടുണ്ട്. അധകൃതരുടെ ഉന്നമനത്തെപ്പറ്റി പഠിക്കുകയും റിപ്പോർട്ട് നൽകാൻ അന്നു കൊച്ചി ദിവാനായിരുന്ന സർ റ്റി.വിജയരാഘവാചാരി പീറ്റർ ശെമ്മാശ്ശനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. ആ ദൗത്യവും സ്തുത്യർഹമായി നിർവ്വഹിച്ചു.

വേദപുസ്തകവും ചിത്രചുരുളുമായി റാന്തൽവിളക്കുപയോഗിച്ചും അനേകം പുലയർ പറയർ കുറവർ എന്നിവരുടെ കുടിലുകൾ സന്ദർശിക്കുകയും വേദോപദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കാൽനടയായിട്ടാണ് മലകളിലും കുടിലുകളിലും കയറിയിരുന്നത്. എല്ലാവർഷവും ഒരു പ്രാവശ്യമെങ്കിലും പുതുക്രിസ്ത്യൻ സഹോദരങ്ങളെ സന്ദർശിച്ചിരുന്ന കൂട്ടത്തിൽ ചെങ്ങന്നൂർ വന്മഴി കാളിക്കുന്ന് ചാപ്പലിലും (പ.പരുമല തിരുമേനി കല്ലിട്ടത്) വന്നു യോഗം നടത്തുന്നത് ഈ ലേഖകൻ ബാല്യത്തിലേ കണ്ടിരുന്നുവെന്നതിനു പുറമേ ഉദ്യോഗലബ്ദിക്കുശേഷം അഭിവന്ദ്യ തിരുമേനിയുമായി കൂടുതൽ അടുപ്പത്തിൽ വരികയും സമൂഹത്തിനു തുടർച്ചയായി സംഭാവന നൽകുകയും ചെയ്തിരുന്നു. അഭിവന്ദ്യ തിരുമേനിയിൽനിന്നു ലഭിച്ച അഞ്ഞൂറുരൂപ വർദ്ധിപ്പിച്ച് ഒലവക്കോട്ട് 101 സെന്റ് സ്ഥലം വാങ്ങി ഓർത്തഡോക്സ് സഭയ്ക്ക് ഒരു പള്ളി 1959-60-ൽ സ്ഥാപിച്ചു. അഭിവന്ദ്യ തിരുമേനി അയച്ചുതന്നിട്ടുള്ളതിൽ മുപ്പതോളം കത്തുകൾ ഇപ്പോഴും ലേഖകന്റെ പക്കൽ ഉണ്ട്. അക്കാലത്ത് ഓർത്തഡോക്സ് സഭയ്ക്ക് ഒരുസെന്റ് സ്ഥലമോ ഒരു ചാപ്പലോ പാലക്കാട്ടും അടുത്ത സ്ഥലങ്ങളിലും ഇല്ലായിരുന്നു.

## മലങ്കരസഭയുടെ സമാധാനത്തിനുവേണ്ടി...പേജ് 1-ൽനിന്ന്

മലങ്കരസഭയുടെ സമാധാനത്തിനുവേണ്ടി...പേജ് 1-ൽനിന്ന്

ഞ്ഞെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുമെന്നും, അങ്ങനെ തെരഞ്ഞെടുത്താലുടൻ ഞാൻ സകലതും അദ്ദേഹത്തെഏൽപിച്ച് സ്വസ്ഥമായിരിക്കുമെന്നും അങ്ങനെയാണ് എന്റെ ആഗ്രഹമെന്നും ഞാൻ അദ്ദേഹത്തോട് പാത്രിയർക്കീസിനോസ് പറയുകയുണ്ടായിട്ടുണ്ട്."

ആപൽക്കരമായ യാത്ര വൃദ്ധനായ തിരുമേനി കയ്യേറ്റതിന്റെ കാരണമെന്ത് എന്ന ചോദ്യത്തിന് ഇപ്രകാരമായിരുന്നു മറുപടി

"എന്റെ ജീവന് ഒരുവേള അപകടം സംഭവിച്ചാലും മലങ്കരസഭയിൽ സമാധാനം ഉണ്ടാക്കുവാൻ കഴിയുമെങ്കിൽ അത് സാധിക്കണമെന്നുള്ള എന്റെ അതിതാൽപര്യം നിമിത്തമായിരുന്നു ഞാൻ ആ യാത്രയ്ക്ക് ഒരുങ്ങിയത്....... മലങ്കരസഭയുടെ സമാധാനത്തിന് ഒരു മാർഗ്ഗമാണെന്നു തോന്നിയതിനാൽ അത് എനിക്കു സന്തോഷംതന്നെ ആയിരുന്നു". മലങ്കരസഭയുടെ സമാധാനത്തിന് ജീവൻ ബലികഴിപ്പാൻ തക്കവണ്ണം താൽപര്യം ഇപ്പോഴും ഉണ്ടോ എന്ന ചോദ്യത്തിന് "ആ താൽപര്യം ഇപ്പോഴുമുണ്ട്. അത് ജയത്തിലും അപജയത്തിലും ആശ്രയിച്ചിരിക്കുന്നതല്ല" എന്നായിരുന്നു ഉത്തരം. ആ താൽപര്യം ഇപ്പോഴുമുണ്ടെങ്കിൽ മെത്രാപ്പോലീത്തായുടെ അധികാരാവകാശങ്ങൾ ഉപയോഗിക്കാതെ ദയറായിൽപോയി ദൈവത്തെ ഓർത്ത് ഇരുന്നുകൊള്ളുമോ ചിലവിനുവേണ്ടതൊക്കെ അവിടെ തരാം എന്നു പറഞ്ഞപ്പോൾ "എന്റെ ചുമതലാബോധം അതിന് അനുവദിക്കുന്നില്ല......." എന്നായിരുന്നു മറുപടി

പ.വട്ടശ്ശേരിൽ തിരുമേനി സന്ദർശിച്ച പ.ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കരസഭാസമാധാനത്തെക്കുറിച്ച് ആലോചിക്കുവാൻ ഇന്ത്യയിലെ ബ്രിട്ടീഷ് വൈസ്രോയി ഇർവിൻ പ്രഭുവിന്റെ പ്രത്യേക ക്ഷണമനുസരിച്ച് 1931-ൽ കേരളത്തിലെത്തി. ആലോചനകൾ ഒക്കെ നടത്തിയെങ്കിലും പ്രയോജനമുണ്ടായില്ല. 1932 ഫെബ്രുവരി 13-ാം തീയതി പ. പാത്രിയർക്കീസ് ബാവാ മഞ്ഞനിക്കരയിൽവെച്ച് കാലംചെയ്ത് അവിടെ കബറടങ്ങി. ഒരു വർഷത്തിനുശേഷം 1934 ഫെബ്രുവരി 23ന് പ.വട്ടശ്ശേരിൽ തിരുമേനിയും കാലംചെയ്ത് പഴയസെമിനാരിയിൽ കബറടങ്ങി.

പ.പിതാക്കന്മാരുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

Vol. 19 Issue 8
February 16-28

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/163/2012-2014
Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

ചിരിവര ——— ജോയി കുളനട




## എറണാകുളം ഓർത്തഡോക്സ് കൺവൻഷൻ

കൊച്ചി : എറണാകുളം ഓർത്തഡോക്സ് കൺവൻഷൻ മെൽതോ 2013 മാർച്ച് 8,9,10 തീയതികളിൽ രാജേന്ദ്രമൈതാനത്ത് നടക്കും. കൊച്ചി ഭദ്രാസനത്തിൽ എറണാകുളം നഗരപിരിധിയിലുള്ള നമ്മുടെ ഇടവകകൾ സംയുക്തമായി നടത്തിവരുന്ന സുവിശേഷയോഗമാണിത്.

ഇടവക മെത്രാപ്പോലീത്താ ഡോ.യാക്കോബ് മാർ ഐറേനിയോസിന്റെ അദ്ധ്യക്ഷതയിൽ ഡോ.സഖറിയാസ് മാർ അപ്രേം കൺവൻഷൻ ഉദ്ഘാടനം ചെയ്യും. യൂഹാനോൻ മാർ പോളീകാർപ്പോസ് ആശംസകൾ അർപ്പിക്കും. വലിയനോമ്പിൽ ഇവിടെ നടക്കുന്ന ഈ ആത്മീയ മഹാസമ്മേളനത്തിൽ യഥാക്രമം ഫാ.ഡോ.റ്റി.ജെ.ജോഷ്വാ, ഫാ.പ്രൊഫ.കുര്യൻ ഡാനിയേൽ, ഫാ.മാത്യു ഏബ്രഹാം എന്നിവർ പ്രസംഗിക്കും. പകൽസമയം ക്രമീകരിച്ചിരിക്കുന്ന ക്ലാസ്സുകൾക്ക് ഡോ.മാർ ഐറേനിയോസ്, ഫാ.ഏബ്രഹാം തോമസ് എന്നിവർ നേതൃത്വം നൽകും.

## കിഴക്കൻ മേഖലാ ഓർത്തഡോക്സ് കൺവൻഷൻ

കോന്നി : തുമ്പമൺ ഭദ്രാസനത്തിന്റെ കിഴക്കൻ മേഖലയിലുള്ള കോന്നി, വകയാർ, തണ്ണിത്തോട് ഡിസ്ട്രിക്റ്റുകളിലെ 38 ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ ഒമ്പതാമത് കിഴക്കൻ മേഖലാ ഓർത്തഡോക്സ് കൺവൻഷൻ ഫെബ്രുവരി 3 മുതൽ 16 വരെ കോന്നി സെന്റ് ജോർജ് ഓർത്തഡോക്സ് മഹായിടവക അങ്കണത്തിൽവെച്ച് നടത്തുന്നു. വിവിധ ദിവസങ്ങളിൽ നടക്കുന്ന വി.കുർബ്ബാനയ്ക്കും സുവിശേഷപ്രസംഗങ്ങൾക്കും ഡോ.ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, ഡോ.മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, ഡോ.ഏബ്രഹാം മാർ സെറാഫീം മെത്രാപ്പോലീത്താ, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, വെരി.റവ.കെ.റ്റി.മത്തായി കോർഎപ്പിസ്കോപ്പാ, വെരി.റവ.സി.ഇ.മാത്യൂസ് കോർഎപ്പിസ്കോപ്പാ, വെരി.റവ.റമ്പാൻ യാക്കൂബ് കോർഎപ്പിസ്കോപ്പാ, വെരി.റവ.ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്കോപ്പാ, ഫാ.ജേക്കബ് കോശി, ഫാ.ജെസ്സൻ പി.വൈ., ഫാ.റ്റി.ജി.പീറ്റർ, ഫാ.കെ.വി.പോൾ, ഫാ.പ്രൊഫ.കുര്യൻ ഡാനിയേൽ, ഫാ.ടൈറ്റസ് ജോർജ്, ഫാ.ഡോ.ഒ.തോമസ്, ഫാ.യോഹന്നാൻ ശങ്കരത്തിൽ, ഫാ.ഗീവർഗീസ് വള്ളിക്കാട്ടിൽ, ഫാ.സാം പി.ജോർജ്, ഫാ.പ്രൊഫ.ജോർജ് മാത്യു തുടങ്ങിയവർ നേതൃത്വം നൽകും.

## മാവേലിക്കര കൺവൻഷൻ

മാവേലിക്കര : മലങ്കര ഓർത്തഡോക്സ് സഭയുടെ മാവേലിക്കര ഭദ്രാസനത്തിലെ മാവേലിക്കര ഓർത്തഡോക്സ് കൺവൻഷൻ ഫെബ്രുവരി 13 മുതൽ 17 വരെ മാവേലിക്കര നടക്കാവ് ജോർജ്ജിയൻ ഗ്രൗണ്ടിൽ നടക്കും. പ.കാതോലിക്കാ ബാവായും അഭിവന്ദ്യ മെത്രാപ്പോലീത്തന്മാരും സുവിശേഷ പ്രസംഗകരും കൺവൻഷന് നേതൃത്വം നൽകുമെന്ന് ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ.ജോഷ്വാ മാർ നിക്കോദിമോസ്, ഭദ്രാസന സെക്രട്ടറി ഫാ.ജേക്കബ് ജോൺ കല്ലട എന്നിവർ അറിയിച്ചു. ഫാ.മത്തായി വിലനിലത്ത്, ഫാ.ടി.എസ്.നൈനാൻ, ഫാ.ഡി.ഗീവർഗീസ്, ഫാ.ഗീവർഗീസ് പൊന്നോല, കെ.ജി.ഷാ തുടങ്ങിയവർ ഉൾപ്പെടുന്ന കമ്മിറ്റി കൺവൻഷന്റെ നടത്തിപ്പിന് നേതൃത്വം നൽകുന്നു.

## നിലയ്ക്കൽ ഭദ്രാസന കൺവൻഷൻ

റാന്നി : നിലയ്ക്കൽ ഭദ്രാസന കൺവൻഷൻ ജനുവരി 10 മുതൽ 13 വരെ റാന്നി ഇട്ടിയപ്പാറ മാർ ഗ്രിഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ നടന്നു. കൺവൻഷൻ ഭദ്രാസനാധിപൻ ഡോ.ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്കോപ്പാ മുഖ്യപ്രസംഗം നടത്തി. തുടർന്നുള്ള ദിവസങ്ങളിൽ മാത്യു വൈദ്യൻ കോർഎപ്പിസ്കോപ്പാ, ഡോ.ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ എന്നിവർ പ്രസംഗിച്ചു. സണ്ടേസ്ക്കൂൾ കുട്ടികളുടെ റാലി, ബാലസംഗമം, വൈദികസംഗമം എന്നിവ നടന്നു. ഫാ.ഡോ.ഒ.തോമസ് സണ്ടേസ്ക്കൂൾ സംഗമത്തിൽ ക്ലാസ്സെടുത്തു. ഭദ്രാസന സെക്രട്ടറി ഫാ.ഷൈജു കുര്യൻ, ഫാ.ജോജി മാത്യു, ഫാ.എബി വർഗീസ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## തൃക്കുന്നത്ത് സെമിനാരി കൺവൻഷൻ

ആലുവ : തൃക്കുന്നത്ത് സെമിനാരിയിൽ നിനുവെ കൺവൻഷൻ നടന്നു. ഭദ്രാസനാധിപൻ യൂഹാനോൻ മാർ പോളീകാർപ്പോസ് മെത്രാപ്പോലീത്താ, ജോസഫ് സാമുവൽ കറുകയിൽ കോർഎപ്പിസ്കോപ്പാ, ഫാ.മോഹൻ ജോസഫ്, ഫാ.ഷിബു വർഗീസ് എന്നിവർ വിവിധ ദിവസങ്ങളിൽ പ്രസംഗിച്ചു. ഫാ.മത്തായി ഇടയനാൽ കോർഎപ്പിസ്കോപ്പാ, സെമിനാരി മാനേജർ ഫാ.യാക്കോബ് തോമസ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രൽ പെരുന്നാളും കൺവൻഷനും

പാമ്പാടി: പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രൽ പെരുന്നാളും കൺവൻഷനും നടന്നു. ഡോ.സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു. കൺവൻഷൻ യോഗങ്ങളിൽ ജോസഫ് സാമുവൽ കറുകയിൽ കോറെപ്പിസ്കോപ്പാ, മത്തായി ഇടയനാൽ കോറെപ്പിസ്കോപ്പാ, ഫാ.വറുഗീസ് ചെറിയാൻ, ഫാ.സഖറിയാ തോമസ് എന്നിവർ പ്രസംഗിച്ചു. നവീകരിച്ച കുരിശിൻ തൊട്ടിയുടെ കൂദാശ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

## ഓർമ്മപ്പെരുന്നാൾ

കോയമ്പത്തൂർ : തടാകം ക്രിസ്തുശിഷ്യാശ്രമത്തിന്റെ സ്ഥാപകനും ഭാഗ്യസ്മരണാർഹനുമായ ബിഷപ്പ് ഹെർബർട്ട് പക്കൻഹാം വാൽഷ് പിതാവിന്റെ 54-ാം ഓർമ്മപ്പെരുന്നാൾ ജനുവരി 8,9 തീയതികളിൽ നടത്തപ്പെട്ടു. പെരുന്നാൾ ശുശ്രൂഷകൾക്ക് ആശ്രമത്തിന്റെ വിസിറ്റർ ബിഷപ്പും മലബാർ ഭദ്രാസനാധിപനുമായ ഡോ.സഖറിയാ മാർ തെയോഫിലോസ് മുഖ്യകാർമ്മികത്വം വഹിച്ചു. മുൻ ആചാര്യ വെരി.റവ.യാക്കൂബ് റമ്പാൻ, ആക്ടിംഗ് ആചാര്യ റവ.യൂഹാനോൻ റമ്പാൻ എന്നിവർ നേതൃത്വം നൽകി. പ്രാർത്ഥനാകൂട്ടായ്മയിലും അനുസ്മരണ ചടങ്ങിലും ഫാ.എബി ഫിലിപ്പ് കാർത്തികപ്പള്ളി പ്രഭാഷണം നടത്തി.

## ഡോക്ടറേറ്റ് നേടി

അയർലണ്ട് പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്നും ലിറ്റർജിക്കൽ തിയോളജിയിൽ ഫാ.കോശി വൈദ്യന് ഡോക്ടറേറ്റ് ലഭിച്ചു. കൊല്ലം ഭദ്രാസനത്തിൽ തേവലക്കര മർത്തമറിയം ഇടവകാംഗവും ഇടയിലവീട്ടിൽ കുടുംബാംഗവുമാണ്.

## മല്ലപ്പള്ളി കൺവൻഷൻ

മല്ലപ്പള്ളി : മല്ലപ്പള്ളി ഓർത്തഡോക്സ് സിറിയൻ കൺവൻഷന്റെ 24-ാമത് സമ്മേളനം ഫെബ്രുവരി 17 മുതൽ 20 വരെ നടക്കും. ഒരുക്കധ്യാനം, ഗാനശുശ്രൂഷ, സുവിശേഷയോഗങ്ങൾ, മദ്ധ്യസ്ഥപ്രാർത്ഥന തുടങ്ങി വിവിധ പരിപാടികൾക്ക് ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, ഫാ.ഡോ.ഒ.തോമസ്, ഫാ.വർഗീസ് വർഗീസ്, ഫാ.ഡോ.കെ.ഗീവർഗീസ്, ഫാ.സി.കെ.കുര്യൻ ചക്കുംമൂട്ടിൽ, ഫാ.ജേക്കബ് എം.വർഗീസ് മുണ്ടപ്ലാക്കൽമണ്ണിൽ, ജോർജ് വർഗ്ഗീസ് കരിമാങ്കൽ, സുനിൽ ഈശോ ആഞ്ഞിലിത്തോപ്പിൽ, സുനിൽ നിരവുപുലം തുടങ്ങിയവർ നേതൃത്വം നൽകും.



*പുതുക്കിപ്പണിത കണിയാമ്പറ്റ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി (സുൽത്താൻ ബത്തേരി ഭദ്രാസനം) കൂദാശയോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് എം.ഐ.ഷാനവാസ് എം.പി. പ്രസംഗിക്കുന്നു. ഭദ്രാസന മെത്രാപ്പോലീത്താ ഏബ്രഹാം മാർ എപ്പിഫാനിയോസ്, വനിതാ കമ്മീഷൻ അദ്ധ്യക്ഷ കെ.സി.റോസക്കുട്ടി മുഖ്യപ്രഭാഷണം നടത്തി.*

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor